iii) ദിവസവേതന/കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ തുടർന്ന് നിയോഗിക്കേണ്ടതിന്റെ ആവശ്യകത വകുപ്പ് മേധാവി/ഭരണ വകുപ്പ് കാലാകാലങ്ങളിൽ വിലയിരുത്തേണ്ടതാണ്.

iv) 26/02/2016-ലെ സ.ഉ (പി) 28/2016/ധന ഉത്തരവ് സർക്കാർ വകുപ്പുകൾ, ഗ്രാൻറ് ഇൻ എയിഡ് സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്കാണ് ബാധകമാക്കിയിട്ടുള്ളത്. എന്നാൽ ഈ ഉത്തരവ് കേന്ദ്രസഹായ പദ്ധതികളുൾപ്പെടെ വിവിധ പദ്ധതികളിലെ ജീവനക്കാർക്കും, ക്ഷേമ നിധി ബോർഡുകളിലെ ജിവനക്കാർക്കും (തനതു ഫണ്ടിന്റെ ലഭ്യതയ്ക്ക വിധേയമായി മാത്രം) ബാധകമാണ്.

v) 26/02/2016-ലെ സ.ഉ (പി) 28/2016/ധന ഉത്തരവിലെ ഖണ്ഡിക 7 ലെ വ്യവസ്ഥയ്ക്ക വ്യത്യസ്തമായി, ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ഡ്രൈവർമാർക്ക് മാസത്തിലെ എല്ലാ ദിവസവും (അവധി ദിവസം ഉൾപ്പെടെ) വകുപ്പുതലവന്റെ നിർദ്ദേശാനുസരണം ഔദ്യോഗിക കൃത്യനിർവ്വഹണം വഹിക്കേണ്ടി വരുകയാണെങ്കിൽ, ആ ദിവസങ്ങളിലെ അധിക ദിവസവേതനത്തിന് വകുപ്പുമേധാവിയുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ മാത്രം അർഹതയുണ്ടായിരിക്കും. ഇക്കാര്യത്തിൽ വകുപ്പുമേധാവി പൂർണ്ണ ഉത്തരവാദി ആയിരിക്കും.

vi) ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർ, സമാന തസ്തികകൾക്ക ബാധകമായ പൂർണ്ണ ജോലിഭാരം നിർവ്വഹിച്ചാൽ മാത്രമേ മുഴുവൻ ദിവസവേതനത്തിന് അർഹതയുള്ളൂ. അല്ലാത്ത പക്ഷം (ഉദാ. ഗസ്റ്റ് അദ്ധ്യാപകർ) നിർവ്വഹിക്കപ്പെടുന്ന ജോലിസമയത്തിന്റെ അടിസ്ഥാനത്തിൽ ആനുപാതികമായ കുറവ് വരുത്തുന്ന കാര്യം വകുപ്പ് മേധാവി ഉറപ്പ് വരുത്തേണ്ടതാണ്.
(ഉദാ: ഒരു മണിക്കൂറിന് 250/- രൂപ വേതനം നിശ്ചയിച്ചിട്ടുള്ള ഒരു ഗസ്റ്റ് അദ്ധ്യാപകൻ ഒരു ദിവസം പൂർത്തീകരിക്കേണ്ട ആകെ മണിക്കൂറിനാണ് ദിവസവേതനം നിശ്ചയിച്ചിട്ടുള്ളത്. ഒരു മുഴുവൻ ദിവസം എന്നത് അഞ്ച് മണിക്കൂറും ദിവസവേതനം 1250/- രൂപയും ആണെങ്കിൽ രണ്ട് മണിക്കൂർ മാത്രം ജോലി ചെയ്യുന്ന അദ്ധ്യാപകന് 500/- രൂപ വേതനത്തിനായിരിക്കും അർഹത.)

vii) മെട്രോപൊളിറ്റൻ നഗരമായ, ഡൽഹിയിലെ കേരളഹൗസിലെ ദിവസ വേതന ജീവനക്കാർക്ക് ഈ ഉത്തരവ് പ്രകാരമുള്ള ദിവസവേതനത്തിലുപരിയായി 5% വർദ്ധനവിനു അർഹത ഉണ്ടായിരിക്കും.

viii) ഒരു പൊതുമാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് വിവിധ വകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും വിവിധ കാറ്റഗറികൾക്ക് വേതനം നിശ്ചയിച്ചിട്ടുള്ളത്. ഈ ഉത്തരവിലെ അനക്സറിലെ ഏതെങ്കിലും കാറ്റഗറിയിൽ ഉൾപ്പെടുന്ന ഒരു തസ്തികയ്ക്ക് ഏതെങ്കിലും വകുപ്പിൽ/സ്ഥാപനത്തിൽ ഉയർന്ന യോഗ്യത നിശ്ചയിച്ചിട്ടുണ്ട് എങ്കിലും ഈ ഉത്തരവ് പ്രകാരം മാത്രമേ ടി തസ്തികയ്ക്ക് വേതനം അനുവദിക്കുകയുള്ളൂ. കൂടുതൽ ഉയർന്ന വേതനത്തിനുള്ള അപേക്ഷ പരിഗണിക്കുകയില്ല.

ix) 26/02/2016 ലെ സ.ഉ (പി) 28/2016/ധന ഉത്തരവ് പ്രകാരം ഈ അനക്സറിൽ ഉൾപ്പെടാത്തതും എന്നാൽ പ്രത്യേകമായി കാറ്റഗറി തിരിച്ച് ദിവസ/കരാർ വേതനം

| | | |
|---|---|---|
| Medical Officer (Unani, Sidha & Naturopathy). | | |
| **Category-XI (a)**<br><br>Assistant Professor (Engineering Colleges/Arts & Science Colleges),Lecturer without PG (Ayurveda). | Daily Wage ₹ 1,470/- (If necessary). | Maximum monthly contract pay ₹ 44,100/- |
| **Category-XII**<br><br>Medical Officer in Health Services and Insurance Medical Service Departments including General and Specialist, Lecturer with PG (Ayurveda). | Daily Wage ₹ 1,840/- Maximum daily wages payable in a month ₹ 53,300/- | Maximum monthly contract pay ₹ 54,200/- |

മേലെഴുത്ത് നം. ഉ2/39910/16 തീയതി 10/05/2017

ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും അറിവിലേക്കും തുടർനടപടിയിലേക്കുമായി സ.ഉ.(അച്ചടി) നം. 56/2017/ധന എന്ന 28/04/2017 തീയതിയിലെ ഉത്തരവ് അയക്കുന്നു.

10/05/17

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി